സെന്റ് മൈക്കിൾസ് ഗേൾസ് എച്ച്.എസ്.എസ്

# ലിറ്റിൽ കൈറ്റ്സ്
# ഡിജിറ്റൽ മാഗസിൻ

**2019-2021**





*"WE THE*
*MEMBERS OF*
*LITTLE KITES*
*PROUDLY*
*PRESENTS........"*



# *LITTLE KITES*

# *DIGITAL MAGAZINE*

# ST. MICHAEL



# PRAY FOR US

FOUNDER



MSGR.R.F.C MASCARENHAS

# LITTLE KITES MEMBERS



**CHIEF EDITOR**
**Sr.Tessy John**
**(Headmistress)**

**STAFF EDITOR**
**Jinto V Cherian**
**Siji Michael**
**Sr.Sini Kurian**

**STUDENT EDITOR**
**Sreenanda.K**
**(LK leader)**

**EDITORIAL BOARD**
**Anagha Mekkattillam**
**Anjana Anilkumar**
**Devangana S S**
**Difna S**
**Gouri Jayan**
**Parvathi Shinod**
**Rouha P K**
**Sandhra Shinod**
**Sreegatha K**



**അ**റിവ് മറ്റൊരാളിൽ നിന്ന് പകർന്ന് കിട്ടുക
എന്നതിനപ്പുറം ഒരോരുത്തരും സ്വയം
ആർജിക്കേണ്ടതാണെന്നുള്ള തിരിച്ചറിവ്
പൊതുവിദ്യാഭ്യാസ മേഖലയിലുണ്ടാക്കിയ മാറ്റം ചെറുതല്ല .
കേരളത്തിലെ പുതിയതലമുറ വിവര
വിനിമയ സംവേദന ഉപകരണങ്ങളെ
ഉപയോഗിക്കുന്നവരാണെങ്കിലും ഈ രംഗത്ത്
താത്പര്യവും അഭിരുചിയുള്ളവരെകണ്ടെത്തി
പ്രോത്സാഹിക്കുന്ന ഐ.സി.ടി കൂട്ടായ്മയായി ലിറ്റിൽ
കൈറ്റ്സ്സ് എല്ലാ ഭാവുകങ്ങളും ഒപ്പം അവരുടെ
സംരംഭമായ ഡിജിറ്റൽ മാഗസിന് എല്ലാ
ആശംസകളും നേരുന്നു

സ്നേഹപൂർവം,

സിസ്റ്റർ ടെസ്സി ജോൺ.ബി.എസ്

(ഹെഡ്മിസ്ട്രസ്)



**ഇ**ന്ത്യയിലെ കുട്ടികളുടെ ഏറ്റവും വലിയ ഐ.സി.ടി കൂട്ടായ്മയായ ലിറ്റിൽ കൈറ്റ്സ് ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്ന എന്നറിഞ്ഞതിൽ അതിയായ സന്തോഷമുണ്ട് . കുട്ടികളിൽ അന്തർലീനമായ കഴിവുകളെ പ്രോത്സാഹിപ്പിക്കുന്ന ഇത്തരം സംരംഭങ്ങൾക്ക് എല്ലാവിധ ഭാവുകങ്ങളും നേരുന്ന

സ്നേഹപൂർവം,

സിസ്റ്റർ സൗമ്യ ജോസ്.ബി.എസ്

(ലോക്കൽ മാനേജർ)



ഈ പുസ്തകത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന
പ്രവർത്തനങ്ങളിൽ ഒതുങ്ങാതെ ,നൂതന
സാങ്കേതികവിദ്യയിൽ അഭിരുചിയുള്ള ഒരു തലമുറയെ
വാർന്നെടുക്കാൻ ലിറ്റിൽ കൈറ്റിനും, അതിന്റെ
ഡിജിറ്റൽ മാഗസിനും കഴിയട്ടെ എന്നാശംസിക്കുന്നു

സ്നേഹപൂർവ്വം,
ഡെപ്യൂട്ടി ഹെഡ്മിസ്ട്രസ്
ബീന വർക്കി

# ANNUAL DAY CELEBRATION 2019-20















## ഉള്ളടക്കം


13.അതിജീവനത്തിൻെ വിരലുകൾ

14.കൂട്ടുകാരി

15.ആൻ ഫ്രാങ്ക്

16.എൻെ ഗുരുനാഥൻ

17.രാത്രിമഴ

18.മഴ

19.ഉണരു

20.അമ്മയും കുഞ്ഞും

21.അമ്മ

22.വേരറ്റുപോകുന്ന മലരുകൾ

23.മരണമടയുന്ന വായനാശീലം

24.കാറ്റിനെ സ്നേഹിച്ച മഴ

25.സ്നേഹാമൃതം

26.മധുരസ്വപ്നം

27.തീപ്പെട്ടിക്കൊള്ളികൾ

28.മഴതുള്ളികൾ

29.പരിഭവം

30.ചില്ലുവെളിച്ചം

31.സൗഹൃദം

32.കൈതാങ്ങ്

33.കാറ്റ്

34.പ്രണയ

35.പ്രകൃതി ദുരന്തങ്ങൾ

36.ബാലവകാശം

37.പ്രകൃതി സ്നേഹം

38.സ്ത്രീ സമത്വം

39.കൂട്ടുകാരൻ

40.അച്ഛൻ

41.എൻ ഗുരുനാഥൻ

42.അണയ്ക്കാതിരിക്കാം കുരുന്നുബാല്യങ്ങളെ

43.അന്ധവിശ്വാസം ഒരു സാമൂഹികവിപത്ത്

44.പുസ്തകം

45.മാഹാത്മാഗാന്ധി എന്ന വിസ്മയം

46.സാമൂഹ്യചിന്തകൾ

47.പ്രാതൽ

48.പുളിമരത്തിന്റെ അഹങ്കാരം

49.പണക്കൊതി ആപത്ത്

# അതിജീവനത്തിന്റെ വിരലുകൾ

കേരളസമമൂഹം ഒട്ടാകെ ഭീതിയോടെയും ധൈര്യത്തോടെയും നേരിട്ട ഒരു പ്രകൃതിദുരന്തമായിരുന്ന പ്രളയകെടുതി.ആ ദുരന്തത്തിൽ ഒരുപാട് വിലമതിക്കാനാകാത്ത ജീവനുകൾ നമ്മെ വിട്ടുപോയി.ഏറെ സ്വപ്നങ്ങളും സന്തോഷങ്ങളും, പ്രതീക്ഷകളും ആ ചളിവെള്ളത്തിൽ ഒലിച്ചുകന്നു.അന്ന് കേരളം മുഴുവൻ കണ്ണീരുപ്പിന്റെ കയ്പ്പ് അനുഭവിക്കുകയായിരുന്നു.ആ ദുരന്തത്തിൽ നിന്ന് ഇന്നത്തെ സമൂഹം പണിതുയർത്താൻ നാമൊരുപാട് പാടുപ്പെട്ടു.അതിജീവനത്തിനായി ധാരാളം കൈത്താങ്ങുകൾ നമ്മെ പിടിച്ചുനിർത്തി.ജാതിയും മതവും അവിടെ മൺമറഞ്ഞു.സ്നേഹത്തിന്റെ ബന്ധം മാത്രമേ അവിടെ നിലനിന്നുള്ളൂ.പ്രളയബാതിദരെ രക്ഷിക്കുന്ന-തിനായി മത്സ്യത്തൊഴിലാളികൾ തങ്ങളുടെ ജീവൻ തന്നെ മറന്ന് മുന്നിട്ടു വന്നു.കൂടാതെ ധാരാളംയുവാക്കന്മാരും അവരുടേതായ രീതിയിൽ രക്ഷാപ്രവർത്തനത്തിലേർപ്പെട്ടു.സൈനികരുടെ പരിശ്രമങ്ങളും വിജയത്തിൽ തന്നെഅവസാനിച്ചു.അങ്ങനെ ഒരുപാട് പേരുടെ കൂട്ടായ്മ-യിലൂടെ നാമൊരു നവകേരളത്തെ സൃഷ്ടിച്ചു.ആ ദൗത്യം പൂർത്തിയാക്കാൻ നമ്മെ പ്രചോദിപ്പിച്ചത് ജൈസലിനെയും നൗഷാദി-നെയും പോലുള്ളാളുകളാണ്.വയ്യാത്ത ഉമ്മയ്ക്ക് ബോട്ടിൽ കയറാനായി സ്വന്തം പുറം തന്നെ കുനിച്ചുകൊടുത്ത ദൈവമാണ് ജൈസൽ.കെ.പി. തന്റെ കുടുംബം ദാരിദ്രത്തിലാണെന്നറിഞ്ഞിട്ടും സ്വന്തം കടയിലെ വസ്ത്ര-ങ്ങൾ മുഴുവൻ പ്രളയബാതിദർക്കായി എടുത്തു നീട്ടിയ വശാലമനസ്ക്ക-നാണ് നൗഷാദ്.ഇവരേ പോലുള്ളവരുടെ മനസ്സാണ് യഥാർതത്തിൽ നമ്മെ കരകയറ്റിയത്.

-ദേവാംഗന.എസ്.എസ്

# കൂട്ടുകാരി

ഓർമ്മകളുടെ താഴ്വരയിൽ നിറഞ്ഞു നിൽക്കുന്ന
അരയന്ന കുഞ്ഞുൾടേ മറവിൽ........
മിഴിയിണയിലായിരം   സേനഹാദ്രമേഘങ്ങൾ
മഴയായ്  പൊഴിഞ്ഞിടാൻ വെമ്പിനിൽക്കേ.................
തിരതല്ലുമോർമ്മതൻ  തീരത്തിലെപ്പഴോ
പൂവായ് പിരിഞ്ഞൊരാ എൻെ സന്േഹം
പറയാതെ പറയാതത വാക്കുകളിലിന്നും
ഹൃദയം പിടകുന്ന നോവിൻെ കീറിയതാളിൽ
ഞാൻ  അറിയാതെ വച്ച മയിൽപ്പിലിയായ്
വിടരാത്ത പൂഷ്പത്തിൻ നിറമാർന്ന നിനവ്
നീ അറിയാതെ വീണ്ടും കൊഴിഞ്ഞു പോകെ
അരികിൽ നിൻ ഓർമ്മകൾ ഉണ്ടെങ്കിലും
നിൻ അഭാവം വിഷാദം നിറച്ചിടുന്നു.
പിരിയില്ലൊരുന്നാളുമെങ്കിലും നിൻ്റെ
സുഖമുള്ള നോവുകളിന്നെങ്ങുപോയി
അകലെയൊരു പക്ഷിതൻ ചിറകൊച്ചകേൾക്കവെ
അരുണനും ദൂരേക്ക മറഞ്ഞീടവേ
മധുരമായ് മന്ത്രിച്ചിടാം നിനക്കെൻ കാതിൽ
അധരങ്ങളൊട്ടും വിറച്ചിടാതെ
വിടരുന്ന താമരയും അണയുന്ന സൂര്യനും
പ്രണയിക്കയല്ലയോ മൗനമായ്.....

ഡിഫ്ന എസ്

# ആൻ ഫ്രാങ്ക്



മനുഷ്യമനസാക്ഷിയെ ഞെട്ടിക്കുന്ന ക്രൂരതയാണ് ജർമ്മൻ ഏകാധിപതിയായിരുന്ന ഹിറ്റലർ യഹൂദജനതയോട് കാട്ടിയത്.നാസി തടവറകളിലെ ഗ്യാസ് ചേംബറുകളിൽ വംശശുദ്ധീകരണത്തിന്റെ പേരിൽ ആയിരക്കണക്കിനു ജൂതവംശജർ പിടഞ്ഞുമരിച്ചു. അതിൽ ഒന്നായിരുന്നു ആൻ ഫ്രാങ്കിന്റെ കുടുംബം. 1929 ജൂൺ 12-നായിരുന്നു ആൻ ഫ്രാങ്കിന്റെ ജനനം.1933-ൽ ഹോളണ്ടിലേക്ക് കുടിയേറിപാർത്തു.ഹോളണ്ടിലെ ഒരൊളിസങ്കേതത്തിൽ അവളും കുടുംബവും അഭയം തേടി.പുറം ലോകം കാണാതെ അടച്ചു പൂട്ടി ഒരു മുറിയിൽ കഴിഞ്ഞ അവളുടെ ഏക ആശ്രയംഡയറി എഴുതുന്നതായിരുന്നു.അവിടെ നടന്നുകൊണ്ടിരുന്ന എല്ലാ കാര്യങ്ങളും അവൾ തന്റെ പ്രിയപ്പെട്ട കിറ്റി എന്ന ഡയറിയിൽ കുറിച്ചു.1944 ആഗസ്റ്റ് 4 ന് നാസി പോലീസ് ഒളിത്താവളത്തിൽ മിന്നൽപരിശോധന നടത്തിയതോടെ ആനും കുടുംബവും കോൺസൻട്രേഷൻക്യാമ്പിൽ തടവിലായി,തന്റെ പ്രിയപ്പെട്ട ഡയറിയെ ഉപേക്ഷിക്കാൻ ആൻ നിർബന്ധിതയായിരുന്നു.1945 മാർച്ചിൽ, ഹോളണ്ടിന്റെ മോചനത്തിന് കേവലം രണ്ടുമാസം മുമ്പ് ബെർഗൻ,ബെൽസൻ എന്ന കുപ്രസിദ്ധ നാസി തടവറയിൽ കിടന്ന് ടൈഫസ് പിടിപെട്ട ആൻ ഫ്രാങ്ക് എന്ന ബാലിക മരണമടഞ്ഞു.മരണത്തിനു ശേഷം കണ്ടെടുക്കപ്പെട്ട ഡയറി 1947-ൽ പ്രസിദ്ധീകരിച്ചു.യുദ്ധഭീകരതെയേയും അതു മനസ്സിലേൽപ്പിക്കുന്ന ആഘാതങ്ങളെയും യഥാതഥമായി പകർത്തിയ ആനിന്റെ ഡയറിക്കുറിപ്പുകൾ അവളുടെ ജീവിതമോ കൂടെ പാർത്തിരുന്ന ഏതാനും പേരുടെയോ മാത്രമല്ല ഹോളണ്ടിലെ അന്നത്തെ ജീവിതാവസ്ഥയെയും എടുത്തുക്കാട്ടുന്നു.

-മയൂഖ.ജി.ആർ

# എന്റെ ഗുരുനാഥൻ

ആദ്യാക്ഷരത്തിൻ പൊരുൾ
എൻ പുസ്തകത്താളിൽ മെനയുവാൻ
എന്നിലെ വെളിച്ചം നിലാവായി
വിതയ്ക്കുവാൻ
എൻ ഹൃദയത്തിലെ ഇരുളടഞ്ഞ
വാതിലുകളിൽ
ഒരു മെഴുകുതിരിയുമായി
എൻ അരികെ വന്ന
വെളിച്ചത്താൽ പൂശുവാൻ
നിന്നലെ അഗ്നിനാളങ്ങൾ
എൻ ഹൃത്തിലേക്ക് പകർന്നുനൽകാൻ
എൻ ജീവിതപാതയൊരുക്കുവാൻ
വന്ന ഗുരുവേ ..........

പാർവണ ദേവി സി

# രാത്രിമഴ

കാറ്റും മഴയും രണ്ട് ദിവസമായി നിന്നിട്ടില്ല.തന്റെ സ്വത്തുവകകൾ ലോക്കറിൽ അടച്ച്പൂട്ടി അയാൾ അതിന്റെ അടുത്തു തന്നെ മെത്ത വിരിച്ച് കിടന്നു.എന്നാലും ഒരു ഭയം,കള്ളൻമാരോ മറ്റോ വന്ന് അത് തുറന്നാൽ !!!!! അയാൾ ലോക്കറിൽ കണ്ണുംനട്ട് കടന്നു.ഉറക്കം അനുഗ്രഹിച്ചത് പാതിരാത്രിയിലാണ്. പിറ്റേന്ന് അയാളുടെ പണമോ ലോക്കറോ ഒന്നും തന്നെ കാണുന്നില്ലായിരുന്നു.രക്ഷാപ്രവർത്തകർ കണ്ടത് അയാളുടെ വീടിന്റെ മേൽക്കൂര മാത്രമാണ്.ഒരു രാത്രിയോടെ അയാളുടെ ഭയം അവസാനിച്ചു.

–പാർവതി.എൻ.പി

# മഴ

രാത്രിമഴ,രാത്രിമഴയോടു ഞാൻ പറയട്ടെ,
നിന്റെ ശോകാർദ്രമാം സംഗീതമറിയുന്ന ഞാൻ
നിന്റെയലിവും അമർത്തുന്ന രോഷവും,
ഇരുട്ടത്ത് വരും,
തനിച്ചുള്ള തേങ്ങിക്കരച്ചിലും
പുലരിയെത്തുമ്പോൾ
മുഖം തുടച്ചുള്ള നിൻ തിടുക്കവും
കള്ളച്ചിരിയും,നാടവും ഞാനറിയും.....
അറിയുന്നതെഞ്ഞു കൊണ്ടെന്നോ....സഖീ....
ഞാനുമിതുപോലെ.....രാത്രിമഴപോലെ.....
രാത്രിമഴപോലെ.....രാത്രിമഴപോലെ.....

-സാന്ദ്ര.പി

# ഉണരു

വിദ്യാലയജീവിതമെന്നിലലിഞ്ഞപ്പോൾ
എന്നാധരങ്ങളന്നെന്നോടു മന്ത്രി
മകളെ.....ഉണരു.....നീ നാടിനെ രക്ഷിപ്പാൻ
നാടിൻ സ്ഥിതിയെത്ര ശോചനീയം
അറിഞ്ഞീടുക നീ നിന്നേയും
നിന്നിലെ അറിവിൻ തിരിനാളം
ഉറ്റനോക്കുമീ ലോകത്തേയും
പകരുക നീ നിന്നലെ നന്മ
വിടരുന്ന പൂവിന്റെ മന്ദസ്മിതം പോലെ
അറിയുക നീ അമ്മയാം ഭൂമിയെ
അന്നു നീ വളരും അമ്മതൻ തണലിൽ
വളർച്ച മുരടിച്ച ഓരായിരം പൂക്കളെ
വിടർത്തുക നീ നിൻ കരങ്ങളാൽ
ഓർക്കുക നീ നന്മയാണ് ഈശ്വരൻ
അലിയുക സ്വയം നീ നന്മയ്ക്ക് പിന്നിൽ
അറിഞ്ഞു ഞാൻ നന്മതൻ പാഠങ്ങൾ
എന്റെ വിദ്യാലയജീവിതക്കിലൂടെ
മർത്ത്യന്റെ നന്മയിൽ വിളങ്ങുന്നു.


ശിൽപ .വി .കെ



# അമ്മയും കുഞ്ഞും

പുലർ കാലത്തിലെ
തണുത്ത സ്വപനമാണു
നീയെനിക്കെന്നും
ധനുമാസക്കാലത്തെ
കുളിർക്കാറ്റുപോലെയെന്ന്
മുഖം നനുത്ത നിന്നെ
സ്പർശത്താൽ തലോടും പോലെ
എനിക്കെന്നുമെൻ ഉൾക്കാഴ്ച്ചകളില്
ഓടിക്കളിക്കുന്ന
നിൻ പിഞ്ചു കാലടി ഞാന്
ഒരുപാട് കണ്ടിരുന്നു
ഒരുവേള നിൻ കളിക്കൊഞ്ചല്
എൻ കാതിൽ
മുഴങ്ങുമ്പോൾ തിരിഞ്ഞു ഞാൻ
എവിടെ നിയെന്ന്
വെറുതെ തിരഞ്ഞിടുന്നു
മതിയായില്ലേ എൻകൺമണി
ക്കെന്നെ ഇവ്വിധം കളിപ്പിച്ചതിനിയും
എന്ന് ചോദിക്കാനാണു പിന്നെയും

-ശ്രീനന്ദ.കെ



# അമ്മ

നിനക്കായി തപിക്കുമെന്നുൾക്കണ്ണില്
നിന്നെ കാണാനായ് ശ്രമിക്കുന്നു
ഇന്നലെ വരെയെന്നന്ഗണം
നിൻകളിയരങ്ങ് മാത്രം
പെട്ടെന്നൊരു നാള് നീ
എങ്ങു മറഞ്ഞെന്നറിയാതെ
ഞാനിതാ തപിക്കുന്നു
നിനക്കായി ഞാനൊരുക്കിയ
ഊഞ്ഞാല് കട്ടില്
കാത്തിരിക്കുന്നു തന്നോമനയെ
പൈദാഹമകറ്റുവാനൊരു
ണ്ടെന്നുണ്ണിക്ക്
ഇന്നു നിൻകുഞ്ഞിക്കാല്
തളർന്നുവോ
അമ്മയെ കാണാതെ എന്ന്
പോലുമെനിക്കറിയാതെ
നേരെ ഉറങ്ങാൻ പോലുമാകാതെ
തളർന്നു ഞാൻ
എൻ കൺമണി

-ശ്രീഗാഥ.കെ

# വേരറ്റുപോക്കുന്നമലരുകൾ

**വ**ല വർണ്ണങ്ങളാൽ ശോഭിച്ച
നിൽക്കുന്ന മലരുകളുടെ
ഇതളുകളെ തെന്നൽ
തലോടുന്ന ആ തലോടലിൽ
മതാവിന്ന കുഞ്ഞിനോടുള്ള വാത്സല്യം
ചെരിയുന്ന ഉടലിൽ
നിന്നു ശിരസ്സു പിഴുതെറിയുന്നതു
പോലെ മലരുകളുടെ
വേരറുക്കുകയാണ് മാനവൻമാർ

-നിവേദ്യാ എസ് നായർ

# മരണമടയുന്ന വായനാശീലം

വായനയിൽ മുഴുകീടും നേരം
മറ്റൊരു ഭുവനത്തിലേക്കു
കാൽ ചുവടുവെയ്ക്കുകയാണ്
നാമേവരും ചിത്തത്തിൽ
ആളിക്കത്തുന്ന താപത്തെ
വായനയിലൂടെ അണയ്ക്കുന്നു.
പൂനിലാവിന്റെ വെട്ടത്തി
നോടൊപ്പം ഇളം തെന്നലിൽ
വായ്ക്കവെ നാവേവരിലും
ചെറു പുഞ്ചിരി വിരിയുന്നു
എന്നാലും നാം
മറക്കുന്നു വായനാശീലം
വായനാശീലമെന്നത്
കേവലമൊരു വാക്കുകളിൽ
അസ്തമിക്കുന്നു

-അമാന പർവ്വീൻ

# കാറ്റിനെ സ്നേഹിച്ച മഴ

താങ്ങായും തണലായും നിൻ
കൂടെ നിന്നിട്ടും
എന്തേ നീ അറിഞ്ഞതില്ല
പേമാരിയായെന്നും ഉറഞ്ഞു-
പെയ്യുമ്പോഴും എൻ മനസ്സ്-
ന്നും,നിൻ കൂടെ മാത്രം
കാറ്റെന്നനിൻ പേര്
മോഹിച്ചിരുന്ന ഞാൻ
എങ്കിലും നീ അറിഞ്ഞതില്ല
എൻ തേങ്ങൽ നീ
കേട്ടതില്ല.
കാണാകിനാവിന്റെ നോവുകൾ
തന്നെന്നെ തനിച്ചാക്കി
നീ യാത്രയായി.
കാറ്റും മഴയും ഒന്നിച്ചുചേരുമ്പോൾ
എന്തൊരുരസമാണെന്ന
ഞാൻ ഒരു മാത്ര അറിയാൻ
മോഹിച്ചിരുന്നു
എന്നും നിനക്കായ്

-അക്ഷജ.കെ

# സ്നേഹാമൃതം

ആയിരം ശരികളെന്നിലുണ്ടതുകാണാ-
തെന്നിലെ തെറ്റിനായ് തിരയുന്നു നീ....
ആയിരം നന്മകളെന്നിലുണ്ടതുനോക്കാ-
തെന്നിലെ തിന്നമക്കായ് ചികയുന്നു നീ...
ആയിരം സദ്ഗുണ സൗഹൃദമെനിക്കുണ്ടെങ്കിലും
കേവലം നിർഗുണ സൗഹൃദം കാണുന്നു നീ....
ഉണ്ടെനിനക്കൊരു ബൃഹത്ത് പുസ്തകം-എൻമനം
ഉണ്ടെതിലോരോതാൾ ഏവർക്കുമേ....
മായ്ക്കാൻ കഴിയാത്ത സുഖദു:ഖ സമ്മിശ്ര
മോർമ്മ ക്കുറിപ്പുകൾ അവയിലാകെ...
ദോഷൈകദൃക്കുകൾ തന്നീലെനിക്കൊരു
ചെറുതരി സാന്ത്വന വാക്കുപോലും...
എങ്കിലുമേകാൻ കൊതിക്കുന്നു ഞാൻ വൃഥാ-
സ്നേഹിച്ചുകൊണ്ടേയിരിക്കുന്നോരെൻ മനം...
കാണുക കാണാൻ ശ്രമിക്കുക നിങ്ങളെൻ-
കാപട്യമില്ലാത്ത മാനസത്തെ...
ഏകുക ഏകാൻ ശ്രമിക്കുകെൻ തോഴരേ
എന്നാലും സ്നേഹാമൃത തീർത്ഥ ജലം

-ലിബ ഷിറിൽ

# മധുരസ്വപ്നം

തുറന്നജാലകം അടച്ചീടൊലാ നീ,
ഒരിറ്റു നേരം ഞാൻ വെളിച്ചം കണ്ടോട്ടെ.
തുറന്നു നോക്കുകിൽ പലതും കണ്ടീടാം,
ഒരായിരം വർണ്ണ രസരേണുക്കളും.

തുടിച്ചിടും മന മലർക്കുലകളും,
ഒതുക്കിവച്ചിടും കുറുനിരകളും.
പരന്നവാനവും മലനിരകളും,
പരവതാനികൾ വിരിച്ച പാടവും.

തുറന്നീടുമിഴി മലർക്കെയെങ്കിൽ-നീ
ഒരു പുതു ലോകം അവിടെ ദർശിക്കും.
തുകിൽ വിരിപ്പതും മുകിൽ പരപ്പതും,
ഉദയസൂര്യന്റെ അരുണരശ്മിയും.
നിലാവുദിപ്പതും പ്രഭ പരപ്പതും .
ഉലകിതെന്തൊരു മധുര സ്വപനമേ!

-നന്ദന.ടി

# തീപ്പെട്ടിക്കൊള്ളികൾ

ഒറ്റ  ഉരസലിൽ കത്തുന്ന തലകൾ
വെളിച്ചം പകർന്നേകുമ്പോൾ
വലിച്ചെറിയപ്പെടുന്ന ഉടലുകളെ
ആരും ഗൗനിക്കാറേയില്ല.
തീപ്പെട്ടിക്കൊള്ളികൾ
നിന്റെ വലിച്ചെറിയപ്പെടുന്ന ഉടലിനെ ഓർത്താണ്
എന്റെ തല ഓരോ തവണയും കത്തിയെരിഞ്ഞത്

തീപ്പെട്ടിക്കൊള്ളികൾ
ഒറ്റപ്പോരാട്ടത്തിലൊടുങ്ങിയാണെങ്കിലും
വെട്ടം പരത്തി വിടപറയുന്ന ഞാൻ
തീപ്പെട്ടിക്കൊള്ളികൾ
ഉടലുപിടയാതെ തലകളെരിയുന്ന
തീപ്പെട്ടിക്കൊള്ളികൾ
ഒറ്റ ഉണലിൽ കത്തിയെരിഞ്ഞ്
രണ്ട് ജന്മങ്ങൾ

-നിവേദ്യ സന്തോഷ്-

# മഴത്തുള്ളികൾ

ആടിയും പടിയും അരങ്ങിനെ ഉണർത്തയും
അനുരാഗതേൻവള്ളി പേലന്റെ നെഞ്ചിൽ
ഇറ്റിറ്റുവീഴാനായ് വെമ്പിനിൽക്കുന്ന പൊന്നു
തേൻതുള്ളിയായ് പൊഴിഞ്ഞീടുവാൻ
ഇലതാൾനിറവിൽ പൊതിയുമാ മുത്തുകൾ
കരങ്ങളാൽ തഴുകി പോകെ ഞാൻ എന്നും
നിനവിന്റെ താളിൽ ഒളിച്ചുനിന്നു ഞാൻ

കാറ്റും ഓന്നിച്ചുചേരുമ്പോൾ എന്തൊരുരസമാണെന്നു
ഞാൻ ഒരു മാത്ര അറിയാൻ മോഹിച്ചിരുന്നു
ഇനിയും കാത്തിരിക്കുന്നു ഞാൻ നിനക്കായ്
എൻ തേങ്ങൽ നി കേട്ടതില്ല
കാണാകിനാവിന്റെ നോവുകളിൽ

-കിർത്തന പി -

# പരിഭവം

ഒരു വിരൽ ദൂരമെന്നരികിൽ നീ നിന്നിട്ടും
ഒരു വാക്കുമെന്തേ മൊഴിഞ്ഞതില്ലാ
കാണാകിനാവിന്റെ വാതിൽക്കലെത്തി നീ
ഒരു മാത്ര എന്നെ കണ്ടതില്ല...
പരിഭവമാണോ നിനക്കെന്റെ കണ്ണിൽ
കാണുന്ന ദീപമിന്നെന്റെ സഖി...
അറിവിന്റെ നൊമ്പരം പാതയിലെന്നെ
തനിച്ചാക്കി നീ യാത്രയായി.
എന്നും തനിച്ചാക്കി നീ യാത്രയായി
അവനിയിലെന്നും നിനക്കായി ഞാനിന്ന്
കാത്തിരിക്കുന്ന എന്റെ സഖി
പൊള്ളുന്ന കാൽപാത മറച്ചു ഞാൻ
നിൻ മുൻപിൽ കപടമാം നാടകം കാഴ്ചവച്ചു
ഏകയായ എന്റെ ഈ ജീവിത തോണിക്കു
നൽകിയ പേരത്രേ വിരഹം


ദിൽന കെ പി

# ചില്ലുവെളിച്ചം

ചില്ല വെളിച്ചം
ജനൽ വഴി
കണ്ണിന്റെ
ചില്ലം മുറിച്ച
കടന്നു വന്നു
നേരം വെളുത്തു-
വെളുത്തില്ല-
യെന്നൊരു
തോന്നലാ
ണമ്മുവി-
നുള്ളിലപ്പോൾ
കണ്ണും തിരുമ്മി
യെണീറ്റ
പുറത്തേക്കു
നോക്കി നി-
ന്നാളവൾ
തെല്ലുനേരം



-ചന്ദന



# സൗഹൃദം

വേലിമേലെത്തി-
പിടിച്ച ഞാൻ നിന്നതും
കൈനീട്ടി വന്ന
ചെറിയ മൊട്ട്

എന്തേ തനിച്ചെന്ന്
ചോദിച്ചതും, അത്
താനേ വിടർന്ന്
വെള്ളത്ത പൂവായ്

എന്തൊരാഹ്ലാദമീ
സൗഹൃദത്തിന്നെന്ന്
പൂവിൻ ഹൃദയം
മൊഴിഞ്ഞ നേരം

വാന മേലോപ്പിൻ
വെള്ളപ്പാണ് തൊട്ടതെ-
ന്നെന്റെ മനസ്സ്
തിരിച്ചറിഞ്ഞു

-ഫാത്തിമ ഷഹല

# കൈത്താങ്ങ്


അർഥിക്കുകയാണു ഞാൻ നിൻമുമ്പിലെങ്ങും
കലങ്ങിയ കണ്ണുമായ് ഉള്ളിന്റെയുള്ളിലായ്
ആകുലചിന്തകളിലായിരം സ്വപ്നങ്ങൾ
കാത്തുസൂക്ഷിക്കുന്നൊരാ കിളിക്കൂടായ്
സ്വാന്തനമേകാനായ് കൈകോർത്തു നിൽക്കുന്നു.
വാനിൽ തിളങ്ങുന്ന നക്ഷത്രമായ്
ഖിന്നയാം എന്നെ നൈരന്തര്യമായ് വേദനിപ്പിക്കാതെ
മിഥ്യ കാണിച്ചെന്നെ മയക്കിടാതെ
സുസ്മേരവദനയായ് മാറുവാനെനിക്കിന്ന്
കൈകോർക്കണം എനിക്കെന്നും നിൻമുമ്പിൽ
ഉൺമനിറഞ്ഞൊരാ എൻ ജീവിതത്തിലെന്നും
കൈതാങ്ങായ് നീ വന്നേക്കണം
സ്നേഹവായ്പുകളൊന്നും മോഹിച്ചിരുന്നില്ല
ഞാൻ എങ്കിലും അൽപമായ് മാത്രം
കൊതിക്കുന്നു ഞാൻ നിൻ തണലിനായ്,
താങ്ങിനായ് കുറച്ചു സ്നേഹത്തിനായ്
അനർഘമായ് സന്തോഷത്തിനായ്
താങ്ങായും തണലായും എൻകൂടെ നിന്നുപോൾ
ഇമ്മട്ടിലെനിക്കിന്നു അറിയുന്ന കാര്യമത് സ്നേഹം മാത്രം
തളരാതെ നിൻ മുമ്പിൽ കാക്കുന്നുനിന്നെ ഞാൻ
ഹൃദയമായെന്നും.

-അനേയ

# കാറ്റ്

തെളിനീർപ്പൂവ്വാൽ മനം നിറച്ചൊരാ
ആകാശമെങ്ങും പറന്നുയരുമ്പോൾ
അഗാധമാമൊരാ പ്രാണന്റെ പ്രാണനായ്
നീ കുതിച്ചുയരുമ്പോൾ
എന്നുമാ നെഞ്ചിന്റെ കുഞ്ഞൊരു സ്ഥാനമായ്
എനിക്കു തന്നിടുമ്പോൾ
മനം നിറച്ചൊരാ സ്നേഹത്തിൻ വാതിൽ
എനിക്കായ് തുറന്നിടുമ്പോൾ
വിതുമ്പുന്ന നെഞ്ചിന്റെ തുണയായ്
എന്നും നീ നിന്നിടുമ്പോൾ
ആരവമില്ലാതെ പതിയെയാ നെഞ്ചിന്റെ
കാചിൽ നീ മൊഴിഞ്ഞിടുമ്പോൾ
സുന്ദരമാം നിൻ കണ്ണുകൾ ആ
നെഞ്ചിനുവേണ്ടി കരഞ്ഞിടുമ്പോൾ
ഒരുവട്ടമെങ്കിലും നിൻ കുഞ്ഞുകണ്ണിലേക്കാ
നെഞ്ചിൻ കണ്ണുകൾ തുറന്നിരുന്നെങ്കിൽ
എന്നു നീ ആശിക്കവെ
പീലികൾ വിടർത്തിയാ കണ്ണുകൾ നിൻ
അടുക്കലേക്കോടിയെത്തി
പൊട്ടികരഞ്ഞൊരാ കണ്ണുനീർ
പിന്നെ മുത്തുപോൽ ചിരിച്ചിടുന്നു
കരങ്ങളാൽ നീ ആ നെഞ്ചിനെ
പതിയെ തലോടുമ്പോൾ
തേങ്ങലും വിങ്ങലും മാറ്റിവെച്ചവൾ
നിന്റെ കൂടെ യാത്രയായി....എന്നും യാത്രയായി...

-സഞ്ജന



# പ്രണയം

സമസ്വച്ഛമാം പ്രണയത്തിലത്ഭുതം
ആകുലയാമവളുടെ കണ്ണീർപൂവുകൾ
സമർത്ഥനാം അവൻ ഉപേക്ഷിച്ചെന്നുപോൽ
മായാത്ത ഓർമ്മകൾ നൽകിയവളെ
അറിയില്ല അവൾക്കിന്നു താൻ
ജീവിക്കുന്നതെന്തിനെന്ന്
അവനുവേണ്ടി ലാളിച്ച വളർത്തിയ മാതാപിതാക്കളെ
തള്ളിപറയുമ്പോൾ അറിയില്ലായിരുന്നവൾക്ക്
പിന്നീട് വന്ന വേദനകളെക്കുറിച്ച്
നിലവിളിക്കാൻ പോലുമാകാതെ സ്വയം
നീറുകയാണവൾ

അവകാശപ്പെടാൻ ആരുമില്ലാതെ,അലഞ്ഞുപോയൊരാ
ജീവിതത്തെ അവസാനമായൊന്നു കാണുവാൻ പോലും
ആരുമില്ലവൾക്കിന്ന് രക്തബന്ധങ്ങൾ പോലും
നിഷ്കളങ്കമായ അവളുടെ ജീവിതം
എന്നന്നേക്കുമായ അവസാനനിമിഷങ്ങളിലേക്ക്
കടക്കുകയാണ്
ക്ഷണികനേരം കൊണ്ട് നരഗീയജീവിതം
ദാനമായ് നൽകിയവൻ യാത്രയായി...

-പൂജ

# പ്രകൃതി ദുരന്തങ്ങൾ

കേരളം കഴിഞ്ഞ രണ്ട് വർഷമായി പ്രകൃതിദുരന്തങ്ങൾ കൊണ്ട് പൊറുതി മുട്ടുകയാണ്.

2018 ആഗസ്റ്റ് മാസത്തിലെ പ്രളയവും അതിനു മുൻപ് വന്ന ഓഖി ചുലിക്കാറ്റും ഈ വർഷം വന്ന പ്രളയവും ഉരുൾപൊട്ടലിനെല്ലാം സാക്ഷികളായി മനുഷ്യർ ഇപ്പോഴും ബാക്കിയുണ്ട്.ഈ ദുരന്തങ്ങളുടെ വിരുന്ന് വരവ് ചില മനുഷ്യരുടെ മരണത്തിന് വരെ കാരമാകേണ്ടി വന്നു.

മനുഷ്യരുടെ ഓരോ നീജ പ്രവർത്തികൾക്കും ഇരയോകണ്ടി വന്ന ഭൂമിയുടെ പകവീട്ടലായി നാം ഇത്തരം പ്രകൃതി ദുരന്തങ്ങളെ നോക്കിക്കാണണം.തീർച്ചയായും മനുഷ്യർ ഇതിന്റെ ഫലം അനുഭവേിക്കണ്ടിയിരിക്കുന്നു.നദികളും പുഴകളും മലിനമാക്കുകയും മരങ്ങൾ വെട്ടിമുറിച്ചും കുന്നുകൾ ഇടിച്ച്നികത്തിയും നാം പ്രകൃതിയെ ഇഞ്ചിഞ്ചായി കൊന്നു കൊണ്ടിരിക്കുന്നു.

ഒരു പക്ഷെ,ഇതെല്ലാം സഹിച്ച് അങ്ങേയറ്റം പിടിച്ച് നിന്ന് പ്രകൃതി പെട്ടെന്ന് വിറങ്ങലിച്ചതാവാം പ്രകൃതി ദുരന്തങ്ങൾക്ക് കാരണമായത്.

വൈകിയിട്ടില്ല,ഇനിയും ഒരുപാട് സമയമുണ്ട് നമ്മുടെ പക്കൽ.നമ്മുടെ പ്രവർത്തികൾ ഒരിക്കലും പ്രകൃതിയെ ചൂഷണം ചെയ്യുന്നതാകരുത്.മരങ്ങൾ നട്ടുപിടിപ്പിച്ചും ജലാഷയങ്ങൾ സംരക്ഷിച്ചും മറ്റും നമുക്ക് പ്രകൃതിയെ തിരികെ കൊണ്ട് വരാം.പ്രകൃതി ദുരന്തങ്ങൾ വരുത്തിതീർത്ത മനുഷ്യർ തന്നെ അവയെ ഇല്ലാതാക്കാനുള്ള മാർഗങ്ങൾ കണ്ടെത്തണം.ഇതോടെ നമുക്ക് പ്രകൃതിദുരന്തങ്ങൾക്ക് വിരാമം കുറിക്കാം.

-ആയിഷ അഫ്ന

# ബാലവകാശം

കശ്മീരിലെ ആസിഫ മുതൽ വാളയാറിലെ പെൺക്കുട്ടികളും എന്റെ വീടിന്റെ അടുത്തുള്ള പിഞ്ചുകുഞ്ഞായ അതിഥി നമ്പൂതിരിയും ബാലാവകാശം നിഷേധിക്കപ്പെട്ട ലോകത്തിലെ ആയിരക്കണക്കിന് കുട്ടികളുടെ പ്രതീകങ്ങളാണ്.അവരുടെ ഓർമ്മകൾക്ക് മുൻപിൽ  പ്രണാമം. നിഷേധിക്കപ്പെട്ട അവകാശങ്ങളുടെ ബലിയാടുകളാണ് ഈ കുഞ്ഞുങ്ങൾ. ഇന്ത്യയെ പോലെ ജനനിബിഢമായ ഈ രാജ്യത്ത് ബാല്യം പലപ്പോഴും ക്രൂരമായി വേട്ടയാടപ്പെടുന്നു. ഇവിടെയാണ് ബാലാവകാശലംഘനങ്ങളുടെയും ലൈംഗീക ചൂഷണങ്ങളുടെയും ക്രൂരമായ പീഢനങ്ങളുടെയും പരമ്പര തുടരുന്നത്.സമൂഹത്തിൽ നിന്ന് കിട്ടേണ്ട അടിസ്ഥാന ഘടകങ്ങൾ പോലും കുട്ടികൾക്ക ലഭിക്കുന്നില്ല. ഒരു കുഞ്ഞിന് ജീവൻ നഷ്ടപ്പെടുനേനത് മാത്രമല്ല ബാലാവകാശലംഘനം. ജീവിച്ചിരിക്കുമ്പോൾ തന്നെ സ്നേഹവും കരുതലും നിഷേദിക്കുന്നതും ബാലാവകാശദ്വംസനം ആണ്. നല്ല വിദ്യാഭ്യാസവും സൗഹാർദപരമായ കുടുംബാന്തരീക്ഷവും പോഷക സമൃദ്ധിമായ ആഹാരവും ഓരോ കുഞ്ഞിന്റെയും ജന്മാവകാശമാണ്. അത് എല്ലാവർക്കും ലഭിക്കട്ടെ എന്ന നമ്മുക്ക പ്രത്യാശിക്കാം.

-ഗൗരി ജയൻ

# പ്രകൃതി സ്നേഹം

**മലകൾ, കുന്നുകൾ ഇടിക്കല്ലെ സോദരാ,**
**തോടും പുഴകളും മലിനമാക്കല്ലെ സോദരാ,**
**പ്ലാസ്റ്റിക്കൊഴിവാക്കൂ തുണിസഞ്ചിശീലിക്കൂ.**
**പ്രകൃതിയോടെന്തിനീ വികൃതികളൊക്കെയും**
**നമ്മോട് കനിയും പ്രകൃതിയെ മാനിക്കൂ.**
**വരും തലമുറയ്ക്കായി കനിവൽപ്പം കാട്ടണേ**
**നമ്മുടെ മക്കളും, മക്കളുടെ മക്കളും**
**അവരുമീ ഭുവനത്തിൽ ജീവിക്കേണ്ടതല്ലയോ?**
**അവർതൻ ഭവനങ്ങളിൽ സുഖശാന്തി-**
**ഭവിക്കാനായി പ്രകൃതിയെ രക്ഷിക്കാനായി**
**നാം ബാധ്യസ്ഥരല്ലയോ?**

**- അനഘ മേക്കാട്ടില്ലം**



# സ്ത്രീസമത്വം

നിലാവിന്റെ പരിശുദ്ധിയും ഗന്ധർവന്റെ ഗാനമാധുര്യവും അഗ്നിയുടെ സംഹാരശക്തിയും ഒത്തിണങ്ങിയവളാണു സ്ത്രീ. സേവനമനോഭാവത്തിന്റെയും ത്യാഗത്തിന്റിയും മൂർ ത്തീഭാവങ്ങളായിട്ടാണു ഗാന്ധിജി സ്ത്രീകളെ കരുതിയിരുന്നത്. സ്ത്രീ അല്ലെങ്കിൽ സ്ത്രീത്ത്വം. ഒരു കാലത്ത് അവഗണിക്കപ്പെട്ട സ്ത്രീസമൂഹത്തെ ശക്തമാക്കുന്നതിന്റെ ആവശ്യകത ഇന്ന് അത്യാവശ്യമാണ്. ഒപ്പം അത്തരം ശാക്തീകരണപ്രവർത്തനങ്ങൾ കൊണ്ടും ഇന്നത്തെ സമൂഹത്തിലെ സ്ത്രീകളുടെ മനകരുത്തുകൊണ്ടും സ്ത്രീശാക്തീകരണം എന്ന ആശയം അതിന്റെ യഥാർത്ഥ രൂപം പ്രാപിക്കുന്നുവെന്ന് നിസ്സംശയം പറയാൻ സാധിക്കും. വനിതയ്ക്ക് വിദ്യാഭ്യാസ സൗകര്യങ്ങൾക്കു മുമ്പിൽ വിലങ്ങുതടി കൽപ്പിച്ചു ഒട്ടനേകം പ്രദേശങ്ങൾ ഇന്ന് ആധുനിക ചിന്താഗതിയുമായി ഏറെക്കുറേ പൊരുത്തപ്പെട്ടുകഴിയുന്നു.

സ്ത്രീത്വത്തിന്റെ ശക്തി ലോകത്തിനു മുമ്പിൽ കാഴ്ച്ച വച്ച ഒട്ടനവധി മഹിളാ രത്നങ്ങളെ ചരിത്രത്തിലും വർത്തമാനത്തിലും ദർശിക്കുക എന്നത് അസാധ്യമല്ല. ഭൂമിക്കു പുറമെയുള്ള മായിക പ്രപഞ്ചത്തിൽ എത്തി ചരിത്രത്തിൽ പൊൻ തൂവലുകളായി മാറിയ വാലന്റീന തെരഷ്കോവയും സുനിത വില്യംസും കൽപ്പന ചൗളയും എന്നും ലോകത്തിനു മാതൃകയാകുന്നു.സ്ത്രീകളുടെ വിദ്യാഭ്യാസത്തിനായി പൊരുതിയ മലാലയും ലോകശ്രദ്ധ നേടി. ശാസ്ത്രത്തിന് റേഡിയം, പൊളോണിയം എന്നീ മൂലകങ്ങൾ സംഭാവന ചെയ്ത പോളണ്ടുകാരിയായ മാഡം മേരിക്യൂറി വനിത എന്ന പരിധിക്കുള്ളിൽ നിന്നിരുന്നില്ല.അത്തരത്തിൽ ഒട്ടനവധി പേരെ സമൂഹത്തിൽ നമുക്ക് കാണാൻ സാധിക്കും. അത് ഭാരതത്തിലെ എന്നു വേണ്ട മുഴുവൻ ലോകത്തിലെയും അസംഘടിതരും അബലങ്ങളും സ്ത്രീകൾക്ക് പ്രചോദനമാകുന്നു.

– IX D സാന്ദ്രാഷിനോദ്

# കൂട്ടുകാരൻ

കൂട്ടുകൂടാനായന്റെ
കൂട്ട തേടിയണഞ്ഞൊരു
കുഞ്ഞാറ്റ കിളി...
കാറ്റിനോട്ട കഥ മെനഞ്ഞും
കടലിനോട്ട കളി പറഞ്ഞും
കാടായ കാടെല്ലാം ,മേടായ മേടെല്ലാം
കണ്ണാരം പൊത്തി കളിച്ചും
കണ്ണിൽ കണ്ണിൽ കണ്ണാടി നോക്കി
കൊക്കുരുമ്മി ചിറകുറുമ്മി
കിലുകിലെ കൊഞ്ചി ചിലച്ചും
കിളിക്കൂട്ടിലെന്നെ
കുളിരറിയിക്കാതെ
കവിൾ ചേർത്തുറക്കിയും
കനിവിന്റെ കനിവാ, മെന്റെ
കരളിൻ കരളായ
കളിക്കൂട്ടുകാരൻ

-ഉത്ര എൻ.

# അച്ഛൻ

സ്നേഹത്തണലായി വളർന്നുപന്തലിച്ച
അരയാലിൻ മരമാണച്ഛൻ
സ്നേഹത്തണലേകും വാത്സല്യച്ചൂടേറ്റും
കാരുണ്യമന്ത്രമാണച്ഛൻ
സൂര്യനെപ്പോലെപ്രകാശം പരത്തുന്ന
സ്നേഹവിളക്കാണച്ഛൻ
എൻ പുസ്തകത്താളിൽ
മയിൽപ്പീലിയച്ഛൻ വൃക്ഷങ്ങളിലാൽമരമച്ഛൻ
പുഷ്പങ്ങളിലോ സൂര്യകാന്തിപ്പൂ
കളരവം പാടും കുയിലുമെന്നച്ഛൻ
ആ തോളിലേറി കണ്ട സ്ഥലങ്ങളും
ആ മാറിൽ ചാഞ്ഞുറങ്ങും രാവും
മാവിൻച്ചുവട്ടിലെ കണ്ണിമാങ്ങക്കൂട്ടം
വാരിക്കളിച്ചതുമെന്നോർമയിലെന്നും
അച്ഛന്റെ സ്നേഹം അമൃതമാണെന്നും
ആ പുണ്യകാൽപാദം ദൈവീകവും

-അവന്തിക ജ്യോതിഷ്
IX – D

# എൻ ഗുരുനാഥൻ

വെളിച്ചം പ്രകാശിക്കും റാന്തൽവിളക്കുപോൽ
ഇരുട്ടകറ്റീടുമെൻ ഗുരുനാഥയല്ലോ
പുസ്തകമന്യേ പലവിധം പഠിപ്പിച്ചു
തെറ്റു കാണിക്കുമ്പോൾ ശിക്ഷ നൽകിയതും
ഞങ്ങൾ തൻ ഉജ്ജ്വലഭാവിക്കായ് പ്രയത്നിക്കും
തമസ്സകറ്റീടുന്ന ഗുരുനാഥയല്ലോ
അന്ധകാരം നിറഞ്ഞൊരു വീഥിയെ
തൻ പ്രകാശത്താൽ നിറച്ചിടുന്നു.
നറു സുര്യൻ തൻ പ്രകാശം പകർന്നു
അറിവിൻ ജാലകം തുറന്നീടുന്നു
വെട്ടം പ്രതിഫലിക്കും കണ്ണാടിപോലെ
നന്മതൻ വാതിൽ തുറന്നിടയല്ലോ
താരകം പോലെ വെട്ടം പ്രകാശിക്കും
നന്മ വീഥിയിൽ നയിക്കും ഗുരുനാഥ

-ആര്യ പ്രസാദ് എം.പി

# അണയ്ക്കാതിരിക്കാം കുരുന്നുബാല്യങ്ങളെ...

ബാല്യത്തെ വിസ്മരിച്ചുകൊണ്ട് അവരുടെ വിദ്യാഭ്യാസാവശ്യങ്ങളെ നിഷേധിച്ചുകൊണ്ട് കുരുന്നുകളെ ജോലിക്കായ് പ്രേരിപ്പിക്കുന്നത് ഇന്നത്തെ

സാമൂഹിക പ്രവണതയാണ് . ഇന്ത്യയിലെ വികസന

പ്രതിസന്ധികളിലൊന്നാണ് ബാലവേല.കുട്ടികളുടെ ശാരീരികവും മാനസികവുമായ വികാസത്തെ തടസ്സപ്പെടുത്തുന്നതും

വിദ്യാഭ്യാസം,വിനോദം,സന്തോഷപ്രദമായ കുടുംബാന്തരീക്ഷത്തിൽ വളരാനുള്ള അവസരം തുടങ്ങിയ ബാലാവകാശങ്ങൾ പൂർണമായി ലംഘിക്കുന്നതുമായ സാമൂഹിക

വിപത്താണ് ബാലവേല.
ഇത്തരം സാമൂഹിക വിപത്തുക്കളെ കുറിച്ച് ബോധവത്കരിക്കാൻ

ലക്ഷ്യമിട്ടുകൊണ്ട് 2002-ൽ രൂപപ്പെട്ട അന്താരാഷ്ട്ര തൊഴിൽ സംഘടന

ജൂൺ 12 ലോക ബാലവേല വിരുദ്ധദിനമായി ആചരിക്കുകയും,ഈ വർഷം

"ഉത്പാദന-വിതരണ ശൃംഗലകൾ ബാലവേല വിമുക്തമാക്കുക" എന്ന

സന്ദേശം മുന്നോട്ട് വയ്ക്കുകയും,ഇത്തരം സാമൂഹിക പ്രവണതകൾ

ക്കെതിരായി അനേകം പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നു.

കുരുന്നു ബാല്യങ്ങളുടെ നൈർമല്ല്യത്തെ നശിപ്പിക്കുന്ന,അവരുടെ ഉള്ളിലെ തീജ്വാല ഊതിയണയ്ക്കുന്ന ഇത്തരം പ്രവർത്തികൾ

നിർത്തലാക്കാം.അതിനായ് നമുക്ക് അണിചേരാം....

-അഞ്ജന അനിൽകുമാർ-

# അന്ധവിശ്വാസം ഒരു സാമൂഹിക വിപത്ത്

അന്ധവിശ്വാസം എന്നത് ഇന്നത്തെ സമൂഹത്തെ
ചെറുതല്ലാത്ത തോതിൽ സ്വാധീനിച്ചിട്ടുണ്ട് എന്നത് വാസ്തവമായ ഒരു സത്യമാണ്. വിശ്വാസം എന്ന പേരിൽ കപടമായ സന്യാസിമാർക്ക് അവരുടെ ഖജനാവ് നിറക്കാനായി അവസരമൊരുക്കുകയാണ് നാം ഇതിലൂടെ ചെയ്യുന്നത്. അത് അവരെ സമ്പന്നരാക്കുകയും നമ്മെ ദരിദ്രരാക്കുകയും ചെയ്യുന്നു.
അന്ധവിശ്വാസം മൂലം ചികിത്സിക്കേണ്ട ലഘു മനോരോഗങ്ങൾ പോലും നീജ ശക്തിയാണെന്ന ചിന്താഗതിയിൽ ചങ്ങലക്കിടുന്നു. ഈ വകകാര്യങ്ങൾ ഇന്നും ഈ സമൂഹത്തിൽ നടക്കുന്നുണ്ടെന്ന് എനിക്ക് ബോധ്യമായത് ഇരുകാലിക പ്രസക്തിയുള്ള എം.പി.മുഹമ്മദിന്റെ 'ദൈവത്തിന്റ കണ്ണ് ' എന്ന നോവൽ വായിച്ചതിനു ശേഷമാണ്.
അന്ധവിശ്വാസങ്ങൾ പൊങ്ങച്ചം എന്ന പേരിലും വളരുന്നത് നമുക്ക് കാണാം. പൂജ എന്ന പേരിൽ ആളുകളെ സൽക്കരിക്കുകയും അവരു
ടെ മുമ്പിൽ ലക്ഷക്കണക്കിനു രൂപകൊടുത്ത് അന്തസ്സ് വിലകൊടുത്ത് വാങ്ങാൻ ശ്രമിക്കുന്നവരാണ് ഇന്നത്തെ സമൂഹത്തിലേറെയും. അവരാണ് കപടദൂതന്മാരെ ഉത്സാഹിപ്പിക്കുന്നത് എന്നത് പറയാതെവയ്യ.
ഇവയെല്ലാം ചിന്തിച്ചാൽ തന്നെ അന്ധവിശ്വാസം എന്ന സാമൂഹ്യവിപത്തിനെ നമുക്ക് എന്നന്നേക്കുമായി തുടച്ചുനീക്കാൻ സാധിക്കും.


-റൗഹ പി.കെ

# പുസ്തകങ്ങൾ

സുഖത്തിൽ സുഖമായി,
ദുഖത്തിലാശ്വാസമായ്
ഇരുട്ടിൽ വെളിച്ചമായ്
ആശയായ് നിരാശയിൽ
അറിവായ്  പതറുന്ന
ബുദ്ധിയിൽ തെളിച്ചമായ്
നിഴൽ മൂട്ടമോർമയിൽ
കരുത്തായ് തളർച്ചയിൽ
യൗവനത്തുലെ പ്രിയ
തോഴരായ് വാർദ്ധക്യത്തിൻ
ദിവ്യമാം താങ്ങായ് സുസ്ഥി-
രങ്ങളായ് വിശ്വസ്തരായ്
പുസ്തകങ്ങളേ,നിങ്ങൾ
രാജിപ്പൂ,മനുഷ്യന്റെ-
യത്ഭുതസ്നേഹാദര
വിശ്വാസം നിങ്ങൾക്കല്ലോ
നിങ്ങളേ സ്നേഹിപ്പതേ
നിങ്ങളെപ്പാലിപ്പതേ
നിങ്ങളെ നീളും കയ്യിൽ
പകരുന്നതേ പുണ്യം.

-രാജേശ്വരി.എസ്

# മഹാത്മഗാന്ധി എന്ന വിസ്മയം



മഹാസമുദ്രം എന്നും എവിടെയും ഒരു അത്ഭുതമായി തന്നെ നിലനിൽക്കുന്നു.അതിനെ കുറിച്ച് എത്ര പറഞ്ഞാലും പാടിയാലും വീണ്ടും പറയുവാനും പാടുവാനും ഉണ്ടാകും.ഈ പൊതുതത്വം മഹാത്മഗാന്ധിയെ സംബന്ധിച്ച് അർത്ഥവത്താണ്.എന്റെ ജീവിതമാണ് എന്റെ സന്ദേശം പറയുവാൻ സാധിച്ച ഒരൊറ്റ മനുഷ്യനേ ഇവിടെ ഇതുവരെ ജീവിച്ചിരുന്നിട്ടുള്ളൂ.ആ മഹാ മനുഷ്യനാണ് മഹാത്മഗാന്ധി.

സ്വപ്നം കാണാൻപോലും അവകാശം

ഇല്ലാതിരുന്ന ഭാരതീയർക്ക് ഗാന്ധിജി ഒരു നൂതനസ്വപ്നം നൽകി ആ സ്വപ്നത്തിൽ ഭാരതീയർ സ്വാതന്ത്ര്യത്തിന്റെ ചിറകിൽ പറന്നുയർന്നു.അദ്ദേഹത്തെപ്പൊലൊരു മജ്ജയോടും മാംസത്തോടും കൂടി ഈ ഭൂമുഖത്ത് ജീവിച്ചിരുന്നു

എന്നു വിശ്വസിക്കുവാൻ വരും തലമുറകൾ വിഷമിക്കും എന്ന് ആൽബർട്ട് ഐൻസ്റ്റൻ അഭിപ്രായപ്പെട്ടു.


– പാർവ്വതി ഷിനോദ്

# സാമൂഹ്യചിന്തകൾ

**ഇ**ന്ന് സബ്മിറ്റ് ചെയ്യാനുള്ള ഫയലിൻ്റെ ഭയത്തിലാണ് അവൾ.റോഡിലേക്ക് ഇറങ്ങിയപ്പോൾ ചീറിപ്പായുന്ന വാഹനങ്ങൾ.അവൾ റോഡിലിറങ്ങി നടന്നു.പെട്ടെന്നാണ് അവൾ ആ ആൾക്കൂട്ടം കണ്ടത്.അടുത്തു പോയിനോക്കിയപ്പോൾ ചോരയിൽ പിടയുന്ന ആ സ്ത്രീയെയാണു കണ്ടത്.ചുറ്റും നിൽക്കുന്നവര് അവരുടെ ചിത്രങ്ങളെടുക്കാനായി ധൃതി കൂട്ടുന്നു.രണ്ടു നിമിഷത്തേക്ക് അവളുടെ മനസ്സ് ഒരു നിമിഷം ആ പിടയുന്ന ജീവനെ രക്ഷി ക്കാനായി വെമ്പൽകൊണ്ടു. എന്നാൽ രക്ഷിച്ചാൽ തനിക്കു തൻ്റെ ജോലി നഷ്ട്ടമാകും.ഇത്രയും ആളുകളുള്ളപ്പോൾ അതിൽ ഒരാൾ അവരെ രക്ഷിക്കുമെന്ന പ്രത്യാശയോടെ അവൾ മുന്നോട്ടു നീങ്ങി.ഇന്നത്തെ സാമൂഹ്യചിന്തകൾക്ക് ഉടമയായി അവൾ മാറിയിരിക്കുന്നു.




(കൃഷ്ണേന്ദു.ആർ.കുമാർ)



# പ്രാതൽ

രാവിലെ സൂര്യന്റെ വെട്ടമേറ്റപ്പോൾ അയാൾ തന്നെ എഴുന്നേറ്റു.ഒറ്റപ്പെട്ട ഒരു മുറിയിലായിരുന്നു അയാൾ.പ്രാതൽ കൊണ്ടുത്തന്ന സ്ത്രീ ഒന്നും മിണ്ടാതെ തിരിച്ചു പോയി.പ്രാതലിന് രുചി തോന്നിയില്ല.അയാളത് തിന്നില്ല.ഭാര്യയുടെ കൈ കൊണ്ടുണ്ടാക്കിയതിനാണ് രുചിയെന്നു തോന്നി.ഭാര്യയോടൊരിക്കലും സ്നേഹം കാണിച്ചിട്ടില്ല.പക്ഷെ ഭാര്യ തന്നെ വെറുത്ത സന്ദർഭമുണ്ടായിട്ടില്ല.ഭാര്യയുടെ മരണം കഴിഞ്ഞ് സ്വത്ത് വീതിക്കാൻ മക്കൾ വന്നു.സ്വത്തെല്ലാം ഭാര്യയുടെ പേരിലായിരുന്നു. സ്വത്തെല്ലാം എടുത്ത് മക്കൾ തിരികെ പോയി.അയാൾ ഒറ്റയ്ക്കായില്ല.അയാളെ പോലെ വേദനിക്കുന്ന നൂറായിരം ആത്മാക്കൾക്കൊപ്പം കഴിയുകയാണ് .

-ഗൗരി നന്ദന

# പുളിമരത്തിന്റെ അഹങ്കാരം

നാട്ടിൻപുറത്തുള്ള ഒരു വഴിവക്കിൽ തടിച്ചുകൊഴുത്ത ഒരു പുളിമരവും മെലിഞ്ഞുനീണ്ട ഒരു മുളയും നിന്നിരുന്നു.അവർ രണ്ടു പേരും വളരെ സ്നേഹത്തോടെയാണ് കഴിഞ്ഞിരുന്നത് . സന്തോഷമുണ്ടായാലും സങ്കടമുണ്ടായാലും അതെല്ലാം അവർ ഒരുമിച്ച് പങ്കുവെക്കുമായിരുന്നു.

ഒരിക്കൽ കുറേ കുസൃതിച്ചെറുക്കൻമാർ അതുവഴി വന്നു.അവർ പാറക്കല്ലുകൾ പെറുക്കി പാവം മുളയെ എറിയാൻ തുടങ്ങി.ഏറുകൊണ്ട് മുളയ്ക്ക് വല്ലാതെ വേദനിച്ചു.അത് നിലവിളിക്കുകയും പുളയുകയും ഞരങ്ങുകയും വാവിട്ട് കരയുകയും ചെയ്തു.എറിഞ്ഞെറിഞ്ഞ് കൈ കുഴഞ്ഞപ്പോൾ കാലിച്ചെറുക്കൻമാർ ആർത്തുവിളിച്ചുകൊണ്ട് ഓടിപ്പോയി.ഹാവൂ!മുളയ്ക്ക് ആശ്വാസമായി.എന്നാൽ മുളയുടെ സങ്കടവും കരച്ചിലും കണ്ട് പുളിമരം നിന്ന് പൊട്ടിച്ചിരിക്കുകയായിരുന്നു.

പാവം മുളയെ പരിഹസിച്ചുകൊണ്ട് പുളിമരം പറഞ്ഞു:

'എടോ ചങ്ങാതീ,തന്നെ എന്തിനു കൊള്ളാം?കല്ലേറുകൊണ്ടപ്പോഴും താൻ വളഞ്ഞു പുളഞ്ഞു കരച്ചിലായി.എന്നാൽ എന്നെ ഒന്ന് കാണൂ.ചുഴലിക്കാറ്റ് വന്നാൽപ്പോലും എനിക്കൊരു കുലുക്കവും ഉണ്ടാകില്ല.'

പുളിമരം ഗമയിൽ ഞെളിഞ്ഞു നിന്നു.പുളിമരത്തിന്റെ സംസാരവും അഹംഭാവവും കണ്ട് മുള വല്ലാതെ സങ്കടപ്പെട്ടു.പക്ഷേ,എന്തു ചെയ്യാൻ കഴിയും? ഇതിനിടയിലാണ് കാലവർഷം വന്നെത്തിയത് . ഭയങ്കരമായ ഒരു കാറ്റോടുകൂടിയായിരുന്നു അതിന്റെ അരങ്ങേറ്റം.!ആഞ്ഞുവീശിയ കൊടുങ്കാറ്റിൽ മുള വളഞ്ഞും കുനിഞ്ഞും ആടിയും നിന്നു.എന്നാൽ കാറ്റിനോട് പൊരുതി നിൽക്കാൻ കഴിയാതെ തടിയൻ പുളിമരം കടപുഴകി വീണു.അതിന്റെ അഹങ്കാരം അതോടെ തീർന്നു.

ദുർബലരെ പരിഹസിക്കുന്നവർ പുളിമരത്തിന്റെ അനുഭവം ഓർക്കേണ്ടതാണ് .

ശാദിയ കദീജ

# പണക്കൊതി ആപത്ത്

നല്ല മഴക്കാലം! മഴ കോരിച്ചൊരിയുകയാണ് . അതൊന്നും വക വെക്കാതെ നാലു ചങ്ങാതിമാർ ഒരു ചെറു തോണിയിൽ കയറി പുഴയുടെ അക്കരയ്ക്ക് പോവുകയായിരുന്നു.പുഴയുടെ നടുവിലെത്തിയപ്പോൾ പെട്ടെന്ന് കാറ്റും കോളുമെത്തി.ശക്തിയായ തിരയിലും ചുഴിയിലും പെട്ട് തോണി മുങ്ങി.പക്ഷേ,അവർ ക്ക് ഒട്ടും പേടി തോന്നിയില്ല;നാലു പേരും നല്ല നീന്തൽക്കാരായിരുന്നു.

അവർ ഒരുമിച്ച് നീന്തി.എന്നാൽ ഒരാൾ മാത്രം തീരെ പിന്നിലായിരുന്നു.മറ്റുള്ളവർക്ക് പരിഭ്രമമായി.'എന്താണിത് ? നിനക്ക് നന്നായി നീന്താനറിയാമല്ലോ.പിന്നെന്താ ഇത്ര പിന്നിലായത് ?' കൂട്ടുകാർ ഉറക്കെ വിളിച്ച് ചോദിച്ചു.

'എന്റെ കയ്യിൽ ആയിരം വെള്ളിരൂപ നിറച്ച ഒരു സഞ്ചിയുണ്ട് . അതു ഞാൻ അരയിൽ കെട്ടിയിട്ടിരിക്കുകയാണ് . അതു കൊണ്ടാണ് മുന്നോട്ട് കേറാത്തത് ..' പിന്നിലുള്ളയാൾ അറിയിച്ചു. ' എന്നാലത് വേഗം അഴിച്ച് കളയൂ.ഇനിയും കാറ്റും കോളും വന്നേക്കും.അതിനു മുൻപ് കരയ്ക്കെത്താൻ നോക്ക് ...!' കൂട്ടുകാർ മുന്നറിയിപ്പ് നൽകി. ആ പണക്കൊതിയൻ ഒന്ന് തല കുലുക്കുക മാത്രം ചെയ്തു.ഏറെ താമസിയാതെ മറ്റു മൂന്ന് ചങ്ങാതിമാരും നീന്തി കരപറ്റി.അവർ തങ്ങളുടെ മറ്റേ കൂട്ടുകാരനെ തിരഞ്ഞു.'അവൻ ഇനിയും വളരെ ദൂരത്താണ് . എന്തു ചെയ്യും?' ഒരാൾ പറഞ്ഞു. 'എടോ മണ്ടച്ചാരേ...! ഇതാ കാറ്റും കോളും വീണ്ടും എത്തിക്കഴിഞ്ഞു.പണസഞ്ചി ഇനിയും അഴിച്ചു കഴിഞ്ഞില്ലേ? വേഗം കളഞ്ഞില്ലെങ്കിൽ നിന്റെ കഥ കഴിയും.മുങ്ങിച്ചാവുന്നവന് പണമെന്തിനാ?'-അവർ ഉച്ചത്തിൽ വിളിച്ചു ചോദിച്ചു.വീണ്ടും തല കുലുക്കിയതല്ലാതെ അയാൾ പണസഞ്ചി കൈവെടിഞ്ഞില്ല.കാറ്റും കോളും വീണ്ടും അഴിഞ്ഞാടി!പണത്തിന്റെ ഭാരംകൊണ്ട് കര പറ്റാൻ കഴിയാതെ ആ മണ്ടൻ മുങ്ങിമരിച്ചു."അവസരത്തിനൊത്ത് പ്രവർത്തിച്ചില്ലെങ്കിൽ ഏതു കേമനും ആപത്തികുടുങ്ങും."

-ആതിര കെ.എം




ST. MICHAELS GIRLS' HIGHER SECONDARY SCHOOL
WEST HILL, KOZHIKODE.

# നന്ദി

ഈ അടുക്കിപ്പെറുക്കലിന് കൂട്ടുനിന്ന എല്ലാവരോടുമുള്ള സ്നേഹം സൂക്ഷിച്ചുകൊണ്ട്........

“ അറിഞ്ഞതിൽ പാതി
പറയാതെ പോയി
പറഞ്ഞതിൽ പാതി
പതിരായും പോയി ”

എന്ന ക്ഷമാപണത്തോടെ........

മൂല്യബോധമുള്ളവരാവാം

എന്ന ആശംസകളോടെ........

പ്രാർത്ഥനകളോടെ.......

സെന്റ് മൈക്കിൾസ്

ലിറ്റിൽ കൈറ്റ്സ്



# EDITORIAL BOARD



# THANK YOU........